KERALA
CASHEW
BOARD LTD.

CIN : U74999KL2017SGC050663
+91 471 4852855 I 4252855
kcb@keralacashewboard.com
casbkerala@gmail.com
www.keralacashewboard.com

## <u>പ്രസിദ്ധീകരണത്തിന്</u>

തിരുവനന്തപുരം

05.12.2022

സംസ്ഥാനത്തെ കശുവണ്ടി വ്യവസായം പൊതുവെയും സ്വകാര്യ കശുവണ്ടി വ്യവസായ മേഖല പ്രത്യേകിച്ചും നിലവിൽ അഭിമുഖീകരിക്കുന്ന വിവിധ പ്രശ്നങ്ങളും പ്രതിസന്ധികളും സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ ആയത് പഠിക്കുന്നതിനും ടി മേഖലയുടെ സമഗ്ര വികസനം ഉറപ്പുവരുത്തുന്നതിന് ഉതകുന്ന പദ്ധതികൾ ആവിഷ്കരിക്കുന്നതിനുള്ള പരിഹാര നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിനുമായി സർക്കാർ ഉത്തരവ് സ.ഉ.(സാധാ) നം.1111/2020/ID പ്രകാരം ഒരു വിദഗ്ദ്ധ സമിതിയെ രൂപീകരിച്ച് ഉത്തരവായിട്ടുണ്ട്. ടി സമിതിയുടെ ആദ്യ യോഗം ബഹുമാനപ്പെട്ട നിയമ, വ്യവസായ, കയർ വകുപ്പുമന്ത്രി ശ്രീ. പി.രാജീവിന്റെ സാന്നിദ്ധ്യത്തിൽ ചേരുകയും തുടർന്ന് 25.11.2022, 26.11.2022 എന്നീ തീയതികളിൽ കൊല്ലത്ത് സിറ്റിംഗ് നടത്തിയിട്ടുള്ളതുമാണ്. തുടർന്നും ടി സമിതി കശുവണ്ടി മേഖലയിൽ മറ്റും പ്രവർത്തിക്കുന്ന സംഘടനകൾ വ്യക്തികൾ,പൊതുജനങ്ങൾ എന്നിവരുടെ അഭിപ്രായങ്ങൾ ശേഖരിക്കാൻ ആഗ്രഹിക്കുന്നു. ബന്ധപ്പെട്ടവർതങ്ങളുടെഅഭിപ്രായങ്ങൾഈ പറയുന്ന ഇമെയിൽ (**<u>expertcommittekcb@gmail.com</u>**) വഴിയോ കാഷ്യൂ ബോർഡിൽ (**കേരള കാഷ്യൂ ബോർഡ്, റ്റി.സി/29/4016, വിമെൻസ് കോളേജ്-ബേക്കറി ജംഗ്ഷൻ റോഡ്, വഴുതയ്ക്കാട്, തിരുവനന്തപുരം-695014**) നേരിട്ടോ അല്ലെങ്കിൽ സിറ്റിംഗ് നടക്കുന്ന സ്ഥലങ്ങളിൽ എത്തിച്ചേർന്നോ അഭിപ്രായങ്ങൾ രേഖപ്പെടുത്തണമെന്ന് താൽപര്യപ്പെടുന്നു.

KERALA CASHEW BOARD LIMITED TRIVANDRUM